**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്താനും തടയുന്നതിനുമുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖലകളുടെ ഉറവിടങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖലകളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കണ്ടെത്തുന്ന മയക്കുമരുന്നുകളിൽ അധികവും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ട് വരുന്നത്. സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ കഞ്ചാവ് എത്തുന്നത് തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ നിന്നാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത് തടയുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഹന പരിശോധന ശക്തിപ്പെടുത്തുകയും, എക്സൈസിലെ രഹസ്യാന്വേഷണ വിഭാഗവും, പോലീസും മറ്റ് ഏജൻസികളുമായി ചേർന്ന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. സിന്തറ്റിക് മയക്കുമരുന്നുകൾ അധികവും ബാംഗ്ലൂർ, ഗോവ, ചെന്നൈ എന്നിവിടങ്ങളിൽ നിന്നാണ് കടത്തി കൊണ്ടുവരുന്നത്. ഇപ്രകാരം കണ്ടെടുക്കുന്ന കേസുകൾ സമയബന്ധിതമായി അന്വേഷണം നടത്തി, കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് കുറ്റക്കാർക്ക് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും, മയക്കുമരുന്ന് കടത്തിലൂടെ സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ